പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം : 42 — 27.09.2011 -ൽ മറുപടിയ്ക്ക്

## സാമൂഹ്യവനവൽക്കരണ പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ.എൻ.എ. ഖാദർ<br>,, എം.പി. അബ്ദുസമദ് സമദാനി<br>,, പി.കെ.ബഷീർ<br>,, പി. ഉബൈദുള്ള | ശ്രീ. കെ.ബി.ഗണേഷ് കുമാർ (വനവും സ്പോർട്ട്സും സിനിമയും വകുപ്പുമന്ത്രി) |
| എ) സംസ്ഥാനത്ത് നടപ്പാക്കി വരുന്ന സാമൂഹ്യവനവത്ക്കരണ പദ്ധതി കൊണ്ട് ഇതുവരെയുണ്ടായ നേട്ടം വിലയിരുത്തിയിട്ടുണ്ടോ; | എ) ഉണ്ട്. |
| ബി) പദ്ധതിയുടെ നടത്തിപ്പിൽ ഏതെങ്കിലും തരത്തിലുള്ള പാകപ്പിഴകൾ കണ്ടെത്തിയിട്ടുണ്ടോ; | ബി) ഇല്ല |
| സി) പൊതുജനങ്ങൾക്കും സ്കൂൾ, കോളേജ് വിദ്യാർത്ഥികൾക്കും വൃക്ഷതൈവിതരണം നടത്തുന്നതിനുപരി, മറ്റേതൊക്കെ തരം പ്രവർത്തനങ്ങളാണ് ഈ പദ്ധതിയിൻ കീഴിൽ ഏറ്റെടുത്തു നടപ്പിലാക്കിയിട്ടുള്ളതെന്ന് വിശദമാക്കാമോ; | സി) പൊതുജനങ്ങൾക്കും സ്കൂൾ, കോളേജ് വിദ്യാർത്ഥികൾക്കും വൃക്ഷതൈവിതരണം നടത്തുന്നതിനുപുറമേ കഴിഞ്ഞ വർഷം കണ്ടൽക്കാട് സംരക്ഷണത്തിനായുള്ള പ്രവൃത്തികളും എറണാകുളത്ത് സുവർണ്ണോദ്യാനം പദ്ധതിയും ഏറ്റെടുത്ത് നടപ്പിലാക്കിയിട്ടുണ്ട്. |
| ഡി) 2007-2008 മുതൽ 2010-11 വരെയുള്ള വർഷങ്ങളിൽ ഉല്പാദിപ്പിച്ച് വിതരണം നടത്തിയ തൈകളുടെ കണക്ക് ലഭ്യമാണോ; എങ്കിൽ ഓരോ വർഷത്തെയും കണക്ക് നൽകാമോ; | ഡി) ഉത്തരം അനുബന്ധമായി ചേർക്കുന്നു. |
| ഇ) നട്ടുപിടിപ്പിക്കുന്ന തൈകളുടെ പരിപാലനം സംബന്ധിച്ച് തുടർനടപടികൾ സ്വീകരിക്കാറുണ്ടോ; എങ്കിൽ അതു സംബന്ധിച്ച വിശദാംശം നൽകാമോ? | ഇ) വകുപ്പ് നേരിട്ട് പൊതുസ്ഥലങ്ങളിൽ വച്ചുപിടിപ്പിക്കുന്ന തൈകളുടെ സംരക്ഷണം വകുപ്പ് തന്നെ ചെയ്യുന്നു. സ്ക്കൂളുകളും, സ്ഥാപനങ്ങളും, സംഘടനകളും നടുന്ന തൈകളുടെ പരിചരണ സംരക്ഷണം അവരവർ തന്നെ നടത്തി വരുന്നു. |

സെക്ഷൻ ഓഫീസർ

| ക്രമ നമ്പർ | പദ്ധതിയുടെ പേര് | 2007-08 ലക്ഷത്തിൽ | 2008-09 ലക്ഷത്തിൽ | 2009-10 ലക്ഷത്തിൽ | 2010-11 ലക്ഷത്തിൽ | 2011-12 ലക്ഷത്തിൽ |
|---|---|---|---|---|---|---|
| 1 | എന്റെ മരം | 24.35 | 9.78 | 7.99 | 25.54* | 30.92* |
| 2. | നമ്മുടെ മരം | | 5.56 | 5.01 | 5.43* | 7.73* |
| 3 | ഹരിതകേരളം | | | 31.40 | 79.51* *മുകളിൽ പറഞ്ഞ എന്റെ മരം നമ്മുടെ മരം എന്നിവ ഉൾപ്പെടെ | 68.90* *മുകളിൽ പറഞ്ഞ എന്റെ മരം നമ്മുടെ മരം എന്നിവ ഉൾപ്പെടെ |
| കൂടാതെ ഹരിത തീരം, വഴിയോര തണൽ എന്നീ പ്രവൃത്തികളിൽ തൈകൾ ഉല്പാദിപ്പിച്ച് നട്ടു പിടിപ്പിച്ചിട്ടുണ്ട്. | | | | | | |